സി.പി(1)20372/10

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 27-6-11

സർക്കുലർ നംപർ.56./11.

വിഷയം:- സഹകരണ വകുപ്പ്- കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതി- സഹകരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നത്- നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:- കോഴിക്കോട് കരുവൻതിരുത്തി സർവ്വീസ് സഹകരണബാങ്കിന്റെ 16-4-10 തീയതിയിലെ നിവേദനം.

*******

സംസ്ഥാനത്ത് കഴിഞ്ഞ കുറേവർഷങ്ങളായി വേനൽക്കാലത്ത് രൂക്ഷമായ വരൾച്ച നേരിടുന്നതിന്റെ ഫലമായി പലസ്ഥലങ്ങളിലും കുടിവെള്ളക്ഷാമം അനുഭവപ്പെട്ടുവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ചില സഹകരണ സംഘങ്ങൾ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഫലപ്രദമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. സാമൂഹ്യ പ്രതിബദ്ധത കൂടി കണക്കിലെടുത്ത് പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ ഫലപ്രദമായി ഇടപെടാൻ സാധിക്കുമെന്ന് കാണുന്നു. സഹകരണ സ്ഥാപനങ്ങൾക്ക് അവയുടെ പ്രവർത്തന പരിധിയ്ക്കകത്തുള്ള, കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഒരു പരിധിവരെ ജനങ്ങളെ സഹായിക്കാൻ കഴിയുന്നതാണ്. ഇപ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് താല്പര്യമുള്ള സംഘങ്ങൾക്ക് അവയുടെ പൊതുനന്മ ഫണ്ടിൽനിന്ന് തുക ചിലവാക്കാവുന്നതും അപ്രകാരം പദ്ധതി നടപ്പാക്കുന്നതിനുള്ള അപേക്ഷ ജില്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാർക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങിയശേഷം നടപ്പാക്കാവുന്നതുമാണ്, താലൂക്ക്തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർമാർ ഇക്കാര്യം എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ശ്രദ്ധയിൽകൊണ്ടുവരേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

(ഒപ്പ്)
കെ.വി.സുരേഷ്ബാബു.
സഹകരണസംഘം രജിസ്ട്രാറുടെ
ചുമതല വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്)